**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 118**

**02.03.2020 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## പോലീസ് യൂണിഫോമിൽ ഘടിപ്പിക്കുന്ന ക്യാമറകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ടി. തോമസ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |

എ) പോലീസ് സേനയുടെ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി യൂണിഫോമിൽ ഘടിപ്പിക്കാവുന്ന ക്യാമറകൾ വാങ്ങിയിരുന്നോ;

ബി) എങ്കിൽ ഇത്തരത്തിലുള്ള എത്ര ക്യാമറകൾ വാങ്ങിയെന്നും ഏത് കമ്പനിയിൽ നിന്നാണ് വാങ്ങിയതെന്നും വ്യക്തമാക്കുമോ;

സി) ഇതിനായി ടെൻഡർ വിളിച്ചിരുന്നോ; എങ്കിൽ ഏതൊക്കെ കമ്പനികളാണ് പ്രസ്തുത ടെൻഡറിൽ പങ്കെടുത്തതെന്ന് അറിയിക്കാമോ;

എ) യും ബി) യും സി) യും

3 ഘട്ടങ്ങളിലായി ക്യാമറകൾ വാങ്ങിയിട്ടുണ്ട്.

| | ഘട്ടം 1 (50 എണ്ണം) | ഘട്ടം 2 (130 എണ്ണം) | ഘട്ടം 3 (130 എണ്ണം) |
|---|---|---|---|
| കമ്പനി | ബ്രോഡ്കാസ്റ്റ് എഞ്ചിനീയറിങ് കൺസൽട്ടന്റ് ഇന്ത്യാ ലിമിറ്റഡ്, ന്യൂ ഡൽഹി | ആര്യാ കമ്മ്യൂണിക്കേഷൻസ് & ഇലക്ട്രോണിക് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്, സെക്കന്തരാബാദ് | |

ഘട്ടം 2 ലും ഘട്ടം മൂന്നിലും ടെൻഡർ ക്ഷണിച്ചിരുന്നു. ഘട്ടം 2 ൽ ഡിവൈൻ നെറ്റ് വർക്സ്. തിരുവനന്തപുരം, ടെക്ക് മൂവേഴ്സ് സിസ്റ്റംസ്, ഇന്ത്യാ ലിമിറ്റഡ്, മുംബൈ, ആര്യാ കമ്മ്യൂണിക്കേഷൻഷസ് & ഇലക്ട്രോണിക് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്, സെക്കന്തരാബാദ്, ഇന്റഗ്ര ഡിസൈൻ, ന്യൂഡൽഹി, കെൽട്രോൺ, തിരുവനന്തപുരം.

ഘട്ടം 3 ൽ ടെക്ക് മൂവേഴ്സ് സിസ്റ്റംസ് ഇന്ത്യാ ലിമിറ്റഡ് , മുംബൈ., ആര്യാ കമ്മ്യൂണിക്കേഷൻഷസ് & ഇലക്ട്രോണിക് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്, സെക്കന്തരാബാദ്, സയന്റിഫിക് ഇന്റർനാഷണൽ, കണ്ണൂർ, അനലോഗ് & ഡിജിറ്റൽ ലാബ്സ്, കോയമ്പത്തൂർ എന്നീ കമ്പനികൾ പങ്കെടുത്തു.

| | | | |
|---|---|---|---|
| ഡി) | ടെൻഡർ വിളിച്ചിട്ടില്ലായെങ്കിൽ അതിനുള്ള പ്രത്യേക അടിയന്തര സാഹചര്യം എന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ; | ഡി) | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് മുഖേന നൽകിയ ഓർഡർ അനുസരിച്ച് വിതരണം ചെയ്ത ഉപകരണങ്ങളും പിന്നീട് ഇ-ടെൻഡർ മുഖേന വന്ന 13 കമ്പനികൾ പരിശോധനയ്ക്കായി സമർപ്പിച്ച ഉപകരണങ്ങളും മതിയായ സവിശേഷതകൾ പുലർത്താത്തതിനാൽ സാങ്കേതിക സമിതി നിരാകരിച്ചു. തുടർന്ന് ഇന്ത്യാ ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള ഒരു മിനി രത്ന കമ്പനിയായ ബ്രോഡ്കാസ്റ്റ് എഞ്ചിനീയറിങ് കൺസൽട്ടന്റ് ഇന്ത്യാ ലിമിറ്റഡ് , ന്യൂ ഡൽഹി മുഖേനയാണ് ഉപകരണങ്ങൾ വാങ്ങിച്ചത്. |
| ഇ) | പ്രസ്തുത ക്യാമറകൾ നിലവിൽ പ്രവർത്തനക്ഷമമാണോ; എങ്കിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണെന്ന് അറിയിക്കാമോ; | ഇ) | 296 ക്യാമറകൾ നിലവിൽ പ്രവർത്തനക്ഷമമാണ്. |
| എഫ്) | ക്യാമറകൾ വാറണ്ടി ഉള്ളവയാണോ; എങ്കിൽ കേടായ ക്യാമറകളിൽ എത്രയെണ്ണം ഇതിനകം മാറ്റി നൽകിയെന്ന് വെളിപ്പെടുത്താമോ? | എഫ്) | വാറണ്ടി ഉള്ളവയാണ്. 14 ക്യാമറകൾ നിലവിൽ പ്രവർത്തനരഹിതമാണ്. ഇവയുടെ കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ